**ഭരണഭാഷ - മാതൃഭാഷ**

നം.എൽ.ആർ.കെ2-24219/13

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33,
തീയതി:19.08.2014.

പ്രേഷിതൻ

ലാന്റ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

ജില്ലാ കളക്ടർ,

സർ,

വിഷയം :- ഭൂമി കൈമാറ്റം - ഔപചാരിക ഭൂമി കൈമാറ്റ ശിപാർശകൾക്കൊപ്പം രേഖകൾ ലഭ്യമാക്കാത്തത് - സംബന്ധിച്ച്.

സൂചന :-

1. മലപ്പുറം ജില്ലാ കളക്ടറുടെ 24.5.2013 ലെ ബി1-5607/2007 നമ്പർ റിപ്പോർട്ട്.
2. 4.10.2008 ലെ 49594/എൽ2/08/റവ. നം.സർക്കാർ സർക്കുലർ.
3. 16.6.2014 ലെ 37784/എൽ1/2013/റവ നം.സർക്കാർ കത്ത്.

മേൽ വിഷയം കാണുക. എളയൂർ ആയുർവേദ ആശുപത്രിയ്ക്ക് ഭൂമി കൈമാറുവാൻ ഒന്നാം സൂചന പ്രകാരം സമർപ്പിച്ചിരുന്ന ശിപാർശ, പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല എന്നതിനാൽ സർക്കാർ നിരസിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതിയുടെ പ്രോജക്ട് അംഗീകാരം, ഫണ്ടുവകയിരുത്തൽ, ഭരണാനുമതി തുടങ്ങിയവ സർക്കാരിലെ ബന്ധപ്പെട്ട ഭരണ വകുപ്പ് അംഗീകരിച്ച് ഉത്തരവാകുന്നതിനുള്ള പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷമാണ് ജില്ലാ കളക്ടർമാർ ഭൂമി അനുവദിക്കുന്നതിനുള്ള ഔപചാരിക ശിപാർശ തയ്യാറാക്കേണ്ടത്. 1968-ലെ ഭൂമി കൈമാറ്റ ചട്ടങ്ങൾ പ്രകാരം ഇപ്രകാരമുള്ള പ്രാഥമിക രേഖകൾ റിക്വിസിഷനൊപ്പം ജില്ലാ കളക്ടർക്കു നൽകേണ്ടത് ഭൂമി ആവശ്യമുള്ള വകുപ്പിന്റെ ചുമതലയായിരിക്കുന്നതാണ്.

കൈമാറാനുദ്ദേശിക്കുന്ന ഭൂമി കൈവശം വച്ചിട്ടുള്ള വകുപ്പിന്റെ സമ്മതപത്രം, മുനിസിപ്പൽ/പഞ്ചായത്ത് രാജ് നിയമപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവ്, നെൽവയൽ നീർത്തട സംരക്ഷണ നിയമം, തീരദേശ നിയന്ത്രണ നിയമം തുടങ്ങിയ പരിസ്ഥിതി നിയമങ്ങളിൽ അനുശാസിച്ചിട്ടുള്ള അനുമതി പത്രം തുടങ്ങിയ രേഖകൾ ആവശ്യമായ സന്ദർഭങ്ങളിൽ, റിക്വിസിഷൻ വകുപ്പ് പദ്ധതിയുടെ അനിവാര്യത ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തി ആയത് സമ്പാദിച്ച് ലഭ്യമാക്കേണ്ടതാണ്.

ഇത്തരം രേഖകൾ പരിശോധിച്ചുവേണം ഔപചാരിക ഭൂമി കൈമാറ്റ ശിപാർശ തയ്യാറാക്കി വകുപ്പുതലത്തിലേയ്ക്ക് അയച്ചുതരേണ്ടതെന്ന് രണ്ടാം സൂചന സർക്കുലറിൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ റിക്വിസിഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട രേഖകൾ ജില്ലാ കളക്ടർ വാങ്ങി പരിശോധിക്കാതെ അപൂർണ്ണമായ ഭൂമി കൈമാറ്റ ശിപാർശകൾ കമ്മീഷണറേറ്റിലേയ്ക്ക് അനുസ്യൂതം അയച്ചുതരുന്നതുമൂലം അനഭിലഷണീയമായ ഫയൽ കുടിശ്ശികയും; റവന്യൂ ഡിവിഷണൽ ഓഫീസർ, തഹസീൽദാർ, വില്ലേജ് ഓഫീസർ എന്നിവരുടെ ജോലി ഭാരം വർദ്ധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയതിനാൽ രണ്ടാം സൂചന സർക്കുലറിലെ നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാരും കർശനമായി പാലിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്),
ജോയിന്റ് കമ്മീഷണർ.

ഉള്ളടക്കം:

പകർപ്പ്:-

1) അസിസ്റ്റന്റ് കമ്മീഷണർ (സീനിയോരിറ്റി സെൽ)
2) www.clr.kerala.gov.in

അംഗീകാരത്തോടെ,

സൂപ്രണ്ട്.

T4.